നെറ്റ്‌വർക്ക് ഓഫ് വുമൺ ഇൻ മീഡിയ, ഇന്ത്യൻ മീഡിയയോട് ധൈര്യപൂർവം അവരുടെ ലൈംഗിക പീഡനത്തെ കുറിച്ച് സംസാരിച്ച എല്ലാവരുമായും ഐക്യദാർഢ്യം പുലർത്തുന്നു. നമ്മൾ പല മേഖലകളിൽ ഉള്ള ലൈംകീക പീഡനത്തെ പറ്റിയും അതിനു പരിഹാരം കണ്ടത്തണ്ടേ ആവശ്യത്തെ പറ്റിയും സാക്ഷി ആകുകയും റിപ്പോർട്ട് ചെയ്തിട്ടുമുണ്ടു. ഇപ്പോൾ നമ്മളിലേക്ക് ശ്രദ്ധ വന്ന ഈ സമയത്തു, ഇത് ഞങ്ങൾ സ്വീകരിക്കയുകയും, കൂടുതൽ സ്ത്രീകളെ അവരുടെ അനുഭവങ്ങൾ ഭയമില്ലാതെ രേഖപ്പെടുത്താൻ പ്രോത്സാഹിപ്പികയുകയും ചെയുന്നു.

കുറ്റാരോപിതർ ഇപ്പോഴും ശിക്ഷ ലഭിക്കാതെ ന്യൂസ് റൂമുകളിൽ ജോലി ചെയുന്നത് വായിച്ചു ഞങ്ങൾ അസ്വസ്ഥർ ആണ്. നിശബ്ദയുടെ സംസ്കാരവും ഇരയെ കുറ്റപ്പെടുത്തലും സദാചാര പോലീസിങ്ങും വളർത്തുന്ന  ഇന്ത്യൻ ന്യൂസ് റൂമുകളിലെ സെക്സിസവും ആണ്കൊയ്മയും ഞങ്ങൾ ശക്തമായി അപലപിക്കുന്നു.

ഈ സംഭവങ്ങളുടെ വെളിച്ചത്തിൽ, NWMI ആവശ്യപ്പെടുന്നു:

1 . ജേർണലിസം കോളേജുകളും ഡിപ്പാർട്ട്മെന്റുകളും, ജേർണലിസ്റ് യൂണിയനുകളും പ്രസ് ക്ലബ്ബ്കളും ഉൾപ്പെടുന്ന മീഡിയ സംഘടനകൾ അതിജീവിച്ചവരുടെ വിശദീകരണം സ്വമേധയാ അറിവിൽ പെടുത്തുകയും, അന്വേഷണം നടത്തുകയും, നടപടി എടുക്കുകയും വേണം.

2. എല്ലാ മീഡിയ സംഘടനകൾക്കും ജേർണലിസം കോളേജുകൾക്കും ലൈംഗിക ചൂഷണം ഒഴിവാക്കാൻ പോളിസികൾ വേണം. ഇന്റെർണല് കമ്മിറ്റികൾ ദി സെക്സുവൽ ഹരാസ്സ്മെന്റ് ഓഫ് വുമൺ അറ്റ് വർക്ക് പ്ലേസ് ആക്ട്, 2013 പ്രകാരം നിർമിക്കുകയും, എല്ലാ അംഗങ്ങളെയും പരാതി കൈകാര്യം ചെയാൻ പരിശീലിപ്പിക്കുകയും വേണം. എല്ലാ ഐസികളുടെയും തലപ്പത്തു ഒരു സ്ത്രീ ആയിരിക്കണം. പകുതി അംഗങ്ങളും സ്ത്രീകൾ ആയിരിക്കണം. ഒരു അംഗമെങ്കിലും നിയമത്തിന്റെയോ സ്ത്രീ അവകാശങ്ങളുടെയോ വിദഗ്ദ്ധ ആയ പുറത്തുന്നുള്ള ഒരു സ്ത്രീ ആകണം.

3 . എല്ലാ മീഡിയ സ്ഥാപനങ്ങളും ജേർണലിസം കോളേജുകളും അവ്രുടെ ആന്റി സെക്സുവൽ പോളിസിയും ഐ സി യുടെ നിർമ്മാണവും

സ്ഥാപനത്തിന്റെ ഉള്ളിലും വെബ്സൈറ്റിലും നന്നായി പ്രചരിപ്പിക്കണം. ലൈംഗീക ചൂഷണത്തിന്റെ പ്രത്യാഘാതം കോൺട്രാക്ടിലും കോഡ് ഓഫ് കോണ്ടുക്ട മാന്വലിലും കൃത്യമായി സൂചിപ്പിക്കണം.

4 . ജേർണലിസം ജോലിയുടെ സ്വഭാവം മനസ്സിലാക്കി ഫീൾഡിലോ മറ്റു സോഴ്സുകളും ആയി ബന്ധപ്പെടമ്പോളോ ഉണ്ടാകുന്ന പരാതികൾ ഐ സി കളും തൊഴില്ദാതാക്കളും സെൻസിറ്റീവ് ആയി കൈകാര്യം ചെയ്യണം. ജീവനക്കാരുടെ സുരക്ഷ ത്യജിച്ചു കൊണ്ടാകരുതു സ്റ്റോറി ലഭ്യമാകേണ്ടതെന്നു എഡിറ്റർമാർ ഉറപ്പു വരുത്തണം.

5. SH ( സ്ത്രീകൾക്കെതിരെ ജോലി സ്ഥലത്തെ പീഡനം തടയാനും ഇല്ലാതാക്കാനുമുള്ള നിയമം) നിയമ പ്രകാരം സ്വതന്ത്ര പത്ര പ്രവർത്തകരെയും (ഫ്രീലാൻസ്, stringers ) എന്നിവരെയും അവർ വാർത്തകൾ നൽകുന്ന സ്ഥാപനങ്ങളുടെ ഇന്റേണൽ സമിതികളുടെ പരിധിയിൽ കൊണ്ടു വരണം. അവരുടെ ജോലി സുരക്ഷിതം ഇല്ലായ്മ കണക്കിലെടുത്താൽ ഈ വിഭാഗത്തിൽ പെടുന്ന പത്രപ്രവർത്തകരാണ് ലൈംഗിക പീഡനത്തിന് ഏറ്റവും വിധേയേയാക്കപ്പെട്ടേക്കാവുന്നവർ.

6. ഒരു സ്ത്രീ കുറ്റകൃത്യവുമായി ബന്ധപ്പെട്ട് പരാതി നൽകാൻ തയ്യാറാവുകയാണെങ്കിൽ എല്ലാ മാധ്യമ സ്ഥാപനങ്ങളും ജേർണലിസം കോളേജുകളും ഇന്ത്യൻ ശിക്ഷാ നിയമമോ നിലവിലുള്ള മറ്റു നിയമങ്ങൾ പ്രകാരമോ അവർക്ക് സഹായം ലഭ്യമാക്കണം.

7. എല്ലാ മാധ്യമ സ്ഥാപനങ്ങളും ജേർണലിസം കോളേജുകൾക്കും gender പൊതു ധാരയിൽ എത്തിക്കാനുള്ള നയങ്ങൾ വേണം. ലിംഗ നീതി തുല്യതും ന്യായവും പ്രോത്സാഹിപ്പിക്കാൻ ഉതകുന്ന അന്തരീക്ഷം വളർത്തിയെടുക്കാൻ , ലിംഗ നീതി ബോധവത്കരണത്തിനായുള്ള ശിൽപശാലകൾ വർഷത്തിൽ ഒരു തവണയെങ്കിലും കോളേജുകളും സ്ഥാപനങ്ങളും നടത്തണം.

8 . എല്ലാ മാധ്യമ സ്ഥാപനങ്ങളും ജേർണലിസം കോളേജുകളും ലൈംഗിക പീഡനം അതി ജീവിക്കുന്നവർക്കും അതിൽ കുറ്റാരോപിതരായവർക്കും പ്രൊഫഷണൽ കൗൺസിലിംഗ് നൽകണം.

9 . ഇതു വരെ ഉയർന്നു വന്ന ആരോപണങ്ങൾ പത്ര പ്രവർത്തനത്തിൽ തുടർ പ്രവർത്തനം (follow up)

അർഹിക്കുന്നവയാണ്. അതിനാൽ ഈ വാർത്തകൾ തമസ്കരിക്കുന്നതിനു പകരം വൻകിട, പാരമ്പര്യം അവകാശപ്പെടുന്ന മാധ്യമ സ്ഥാപനങ്ങൾ ഇവ റിപ്പോർട്ടുകളായി അത്യധികം ശ്രദ്ധയോടെയും ശ്രമത്തോടെയും സ്ഥിരമായി follow up ചെയ്യണം. ജോലി സ്ഥലത്ത് ലൈംഗിക പീഡനം നടത്തുന്ന അതിക്രമികൾക്ക് കാല കാലങ്ങളായി കിട്ടിയിരുന്ന പരിരക്ഷ ഇല്ലാതാക്കാൻ മാധ്യമങ്ങൾ സ്വയം പ്രകാശം ചൊരിയണം.

ലൈംഗിക പീഡനം അതി ജീവിച്ച തുറന്ന് പറയാൻ തയാറാവുന്നവർക്ക് വേണ്ടി NWMI ഉണ്ടാകും; ഒപ്പം ഇന്റേണൽ സിമിതികളെ പിന്തുണയ്ക്കാനും ശക്തിപ്പെടുത്താനും. editors@nwmindia.org എന്ന മെയിൽ id യിൽ ഞങ്ങളെ ബന്ധപ്പെടാവുന്നതാണ്.